(സി) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തിനായി നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഏകദേശം 93 കോടി രൂപ.

(ഇ) ഉണ്ട്. കേന്ദ്ര സഹായം ലഭിച്ചില്ലെങ്കിലും പത്താം ക്ലാസ്സുവരെ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം സാമ്പത്തിക സ്ഥിതി അനുകൂലമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്. കേന്ദ്രത്തോട് ഈ കാര്യം ആവശ്യപ്പെട്ടിട്ടുമുണ്ട്.

സുനാമി തിരകൾമൂലം തുറമുഖങ്ങൾക്കുണ്ടായ വ്യതിയാനം

11 [*128] ശ്രീ. എ. എൻ. രാജൻബാബു :

,, കെ. കെ. ഷാജു :

,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി തിരകൾമൂലം സംസ്ഥാനത്തെ തുറമുഖങ്ങൾക്ക് ഭൂമിശാസ്ത്രപരമായ എന്തെങ്കിലും വ്യതിയാനം ഉണ്ടായിട്ടുണ്ടോ ;

(ബി) കൊച്ചി, വിഴിഞ്ഞം, ബേപ്പൂർ മുതലായ തുറമുഖങ്ങളിൽ സുനാമിമൂലം മണൽ തിട്ട ഉയർന്നിട്ടുണ്ടോ ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) സുനാമി തിരകളുടെ ആഘാതംമൂലം സംസ്ഥാനത്തെ തുറമുഖങ്ങൾക്ക് ഭൂമിശാസ്ത്രപരമായ വ്യതിയാനങ്ങൾ എന്തെങ്കിലും വന്നിട്ടുണ്ടോയെന്ന് സർവ്വേ നടത്തി കണ്ടെത്തേണ്ടതുണ്ട്. ഇതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ ഹൈഡ്രോഗ്രാഫിക് ഓർഗനൈസേഷനോട് ആവശ്യമായ സർവ്വേ നടത്തുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കൊച്ചി തുറമുഖത്ത് സുനാമി തിരമൂലം മണൽ തിട്ട ഉയർന്നിട്ടില്ല. എന്നാൽ ബേപ്പൂർ, വിഴിഞ്ഞം എന്നീ തുറമുഖങ്ങളിൽ മണൽ തിട്ട ഉയർന്നിട്ടുണ്ട്.

റവന്യൂ ഭൂമി കയ്യേറ്റവും വ്യാജപട്ടയ നിർമ്മാണവും

12 [*129] ശ്രീ. പി. സി. ജോർജ്ജ് :

,, കെ. കെ. ജയചന്ദ്രൻ :

,, കെ. രാധാകൃഷ്ണൻ:

,, കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റവന്യൂ ഭൂമി കയ്യേറ്റവും വ്യാജപട്ടയ നിർമ്മാണവും വർദ്ധിച്ചുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇടുക്കി ജില്ലയിലെ മൂന്നാറിൽ വൻതോതിൽ ഭൂമി കയ്യേറ്റവും അനധികൃത പട്ടയവിതരണവും നടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇടുക്കി ജില്ലയിൽ റവന്യൂ-വനഭൂമി കയ്യേറ്റത്തെക്കുറിച്ചും വ്യാജപട്ടയ നിർമ്മാണത്തെക്കുറിച്ചും പോലീസ് ഇന്റലിജൻസ് വിഭാഗം റിപ്പോർട്ട് നൽകിയിരുന്നോ;

(ഡി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇടുക്കി ജില്ലയിൽ നടക്കുന്ന റവന്യൂ ഭൂമി കയ്യേറ്റങ്ങൾ തടയുന്നതിനും, കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനും വ്യാജപട്ടയ നിർമ്മാണം തടയുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി) ഉണ്ട്. അനധികൃത പട്ടയം സംബന്ധിച്ച അന്വേഷണം നടത്തുന്നതിന് രൂപീകരിച്ച വിദഗ്ദ്ധ സമിതി അന്വേഷണം നടത്തിവരുന്നു. കൂടാതെ വ്യാജപട്ടയ വിതരണവുമായി ബന്ധമുണ്ടെന്നു കണ്ടെത്തിയ ഉദ്യോഗസ്ഥർക്കും വ്യക്തികൾക്കും എതിരെ വിജിലൻസ് അന്വേഷണവും നടക്കുന്നുണ്ട്.

(സി) കളക്ടർക്ക് നൽകിയിരുന്നു.

(ഡി) റിപ്പോർട്ടിൽ പ്രതിപാദിക്കപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു. അനധികൃത കയ്യേറ്റങ്ങൾ (കോടതി ഇടപെടാത്ത കേസ്സുകളിൽ) പൂർണ്ണമായി ഒഴിപ്പിച്ചു. പട്ടയങ്ങൾ പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(ഇ) അനധികൃത കയ്യേറ്റങ്ങൾക്കെതിരെ ജാഗ്രത പുലർത്താൻ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കെ. എൽ. സി. ആക്ട് പ്രകാരം നടപടി എടുക്കുന്നു. കോടതി ഇടപെടലില്ലാത്ത മൂഴുവൻ കേസുകളിലും കയ്യേറ്റക്കാരെ ഒഴിപ്പിച്ചിട്ടുണ്ട്. വ്യാജ പട്ടയ വിതരണം തടയുന്നതിനും മുമ്പ് നൽകിയവയെക്കുറിച്ച് അന്വേഷിക്കുവാനും ദേവികുളം റവന്യൂ ഡിവിഷണൽ ആഫീസറുടെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. 2003-ന് ശേഷം വ്യാജ പട്ടയങ്ങൾ നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly